28
നവംബർ 2019
വ്യാഴം
1195 വൃശ്ചികം 11

# മലയാള മനോരമ

ESTABLISHED 1888

കണ്ണൂർ
18 പേജ്
₹ 7.50
I

കോട്ടയം | കോഴിക്കോട് | കൊച്ചി | തിരു... ...ട്ട | ആലപ്പുഴ | മുംബൈ | ചെന്നൈ | ബെംഗളൂരു | ഡൽഹി | ബഹ്റൈൻ | ദുബായ് | ദോഹ

ISSN-0972-0022 www.manoramaonline.com

കൗമാര കലയുടെ രംഗവേദികൾക്ക് ഇന്നു തിരശീല ഉയരുമ്പോൾ, കണ്ണീർകുഞ്ഞു നക്ഷത്രങ്ങളായി മാറിയ ഇവർക്കു സ്നേഹപ്രണാമം

# ഓർമയുടെ മൂന്നിതൾപ്പൂവ്

അഫീൽ, ഷഹ്‌ല, നവനീത്... അകാലത്തിൽ മറഞ്ഞ നിങ്ങളെയോർക്കാതെ ഈ കലോത്സവത്തിനു ചിലങ്ക കെട്ടാനാവില്ല. ആഘോഷത്തിന്റെയും ആവേശത്തിന്റെയും ഏതേതു രാഗങ്ങൾക്കിടയിലും ആധാരശ്രുതിയായി ഉണ്ടാവും ആ വേർപാടുകളുടെ നൊമ്പരം. ബത്തേരി ഗവ. സർവജന വിഎച്ച്എസ്എസിലെ ക്ലാസ് മുറിയിൽ പാമ്പുകടിയേറ്റു മരിച്ച ഷഹ്‌ല ഷിറിൻ, സംസ്ഥാന ജൂനിയർ മീറ്റിനിടെ ഹാമർ തലയിൽ വീണു മരിച്ച പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിലെ അഫീൽ ജോൺസൻ, സ്കൂളിൽ ക്രിക്കറ്റ് കളിക്കുന്നതിനിടെ ബാറ്റ് ആയി ഉപയോഗിച്ച പട്ടികക്കഷണം അബദ്ധത്തിൽ തലയ്ക്കു പിന്നിൽ കൊണ്ടു മരിച്ച ചുനക്കര ഗവ. വിഎച്ച്എസ്എസിലെ നവനീത് ... ഞങ്ങളെ അത്രമേൽ ഉലച്ചാണ് നിങ്ങളുടെ പ്രാണൻ മറഞ്ഞുപോയത്. അതിൽ ചിലതിലെങ്കിലും ഞങ്ങളുടെ അനാസ്ഥയും നിസ്സംഗതയുമുണ്ട്. ഒരിക്കൽകൂടി മാപ്പു ചോദിക്കുന്നു; ഒപ്പം ഒരു പിടി ഓർമപ്പൂക്കൾ...


ഷഹ്‌ല ഷിറിൻ


നവനീത്


അഫീൽ ജോൺസൻ

വര: വിനയതേജസ്വി

## കൂടുതൽ കലോത്സവ വാർത്തകൾ

പേജ് II
സ്വാഗതം സപ്തഭാഷകളിൽ

പേജ് 1
എന്റെ കണ്ണിൽ പാട്ട്; നമുക്കു ചുറ്റും നൃത്തം

പേജ് III
കായിക മേളയല്ല, കലാമേളയാണ് സാർ

പേജ് 15
കേരള കലാജാഥ 14 ജില്ലകളിലൂടെ

പേജ് IV
മോണോ ആക്ടുണ്ട്; മോഹിനിയാട്ടമുണ്ട്...

കലോത്സവവിശേഷങ്ങളുമായി മനോരമയുടെ പ്രത്യേക പേജുകൾ
ഇന്നു മുതൽ




ഇത് കലയുടെ കാസർകോടാ!